**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** 20. 03. 2012 - ൽ മറുപടിക്ക്

നമ്പർ: 1155

**അഴിമതി ആരോപണങ്ങളെത്തുടർന്ന് പ്രതിപ്പട്ടികയിലുള്ളവർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീമതി കെ. കെ. ലതിക :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. എ.എം. ആരിഫ് : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂവും വിജിലൻസും വകുപ്പു മന്ത്രി |
| (എ) അഴിമതി ആരോപണങ്ങളെത്തുടർന്ന് പ്രതിപ്പട്ടികയിൽപ്പെട്ടവർ ഗവൺമെന്റിന്റെ ഭാഗമായി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇത് സംബന്ധമായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ; | (എ ) ഉണ്ട്. എന്നാൽ കോടതി വിധി വരുന്നതുവരെ സർവ്വീസിൽ തുടരുന്നതിന് നിയമതടസ്സമില്ല. |
| (ബി) വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് ഏതെങ്കിലും വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ നൽകിയിട്ടുണ്ടോ ;<br>(സി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇത്തരത്തിൽ എത്രപേർക്ക് ഡെപ്യൂട്ടേഷൻ നൽകിയിട്ടുണ്ട് ; | (ബി)യും (സി) യും<br>നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനു പരിഗണിക്കുമ്പോൾ വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ വ്യവസ്ഥയില്ല. |
| (ഡി) ഇപ്പോഴത്തെ മന്ത്രിസഭയിലും സർക്കാർ വകുപ്പുകളിലും വിജിലൻസ് അന്വേഷണം നേരിടുന്നവർ എത്രയാണെന്ന് വിശദമാക്കാമോ ; ഇതിൽ പ്രതിപ്പട്ടികയിലുൾപ്പെട്ടവരെത്ര; ആരൊക്കെ? | (ഡി)ഇപ്പോഴത്തെ മന്ത്രിസഭയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന നാല് മന്ത്രിമാരുണ്ട്.<br>1. ശ്രീ.സി.എൻ.ബാലകൃഷ്ണൻ.<br>2.ശ്രീ.ആര്യാടൻ മുഹമ്മദ്<br>3.ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>4.ശ്രീ.എം.കെ.മുനീർ.<br>സർക്കാർ വകുപ്പുകളിലെ 738 ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്. അന്വേഷണത്തിന്റെ അന്തിമ ഘട്ടത്തിൽ മാത്രമേ പ്രതിപ്പട്ടികയിൽ ഉള്ളവർ ആരൊക്കെയെന്ന് വ്യക്തമാവുകയുള്ളൂ. |

സെക്ഷൻ ആഫീസർ